ആത്മഹത്യകളുടെ കണക്കുവിവരവും പഠനവും

418 [2514] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരുദിവസം ശരാശരി എത്രപേർ ആത്മഹത്യ ചെയ്യുന്നുവെന്നും എത്രപേർ ആത്മഹത്യക്കു ശ്രമിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യാ പ്രവണതയെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2003-ാം വർഷത്തെ കണക്കുപ്രകാരം കേരളത്തിൽ പ്രതിദിനം 26 ആത്മഹത്യകൾ നടക്കുന്നതായി അറിവായിട്ടിട്ടുണ്ട്. ആത്മഹത്യാ ശ്രമത്തിന് 79 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശരാശരി അഞ്ചുദിവസത്തിൽ ഒന്നുവീതം ആത്മഹത്യാശ്രമം നടക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ബീമാപ്പള്ളി വ്യാപാര കേന്ദ്രത്തെ നിയന്ത്രിക്കാൻ നടപടി

419 [2515] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിന് സമീപമുള്ള ബീമാപ്പള്ളി എന്ന സ്ഥലത്ത് നൂറുകണക്കിന് വ്യാപാര സ്ഥാപനങ്ങൾ എല്ലാ നിയമങ്ങളേയും വെല്ലുവിളിച്ചുകൊണ്ടും സംസ്ഥാന സർക്കാരിന്റെ ഒറ്റ വകുപ്പുകളേയും അംഗീകരിക്കാതെയും പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബീമാപ്പള്ളിയിലെ അനധികൃത വ്യാപാര കേന്ദ്രത്തിൽ ദിവസേന ലക്ഷക്കണക്കിനു രൂപയുടെ വിവിധതരം കള്ളക്കടത്തു സാധനങ്ങൾ വിറ്റുവരുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) സർക്കാരിന് വൻതോതിൽ നികുതി ലഭിക്കേണ്ട സാധനങ്ങൾ നികുതി കൊടുക്കാതെയും യാതൊരു ലൈസൻസുമില്ലാതെയും നിയമ വിധേയമല്ലാത്ത രീതിയിലാണ് കച്ചവടം നടക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പോലീസ്, സെയിൽടാക്സ് തുടങ്ങിയ വകുപ്പുകൾക്ക് ഈ സ്ഥലത്തേക്ക് കടന്നു ചെല്ലാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) തലസ്ഥാനത്തിന് തൊട്ടടുത്തുള്ള ഈ അനധികൃത വ്യാപാര കേന്ദ്രത്തിൽ അനധികൃത കച്ചവടക്കാരെ നിയമത്തിനുകീഴിൽ കൊണ്ടുവരാനും നിയമ വ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് പ്രവർത്തിച്ചുവരുന്ന കള്ളക്കടത്ത് വിൽപ്പന അവസാനിപ്പിക്കാനും എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly